IVO-5/52/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

എ.പി.രാജൻ
ആര്യപള്ളി വീട്
പെരുവ.പി.ഒ

സർ,

വിഷയം - കോളയാട് പഞ്ചായത്ത് - കെട്ടിട നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: മട്ടന്നൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നം. 1721

..............................

കോളയാട് പഞ്ചായത്ത് വാർഡ് 13/51, 13/52 എന്നീ നമ്പർ കെട്ടിടത്തിന്റെ മുകളിൽ നിർമ്മിച്ച മുറികൾക്ക് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി.

കോളയാട് പെരുവ-തെറ്റമൽ റോഡിന്റെ സൈഡിൽ പെരുവ-പോസ്റ്റ്ഓഫീസിന് സമീപം 13/51, 13/52 എന്നീ നമ്പർ കെട്ടിടത്തിന്റെ ഉടമയായ എ.പി.നാണു എന്നവരിൽ നിന്നും ബാബുജോസഫ് എന്നവർ വിലക്ക് വാങ്ങിയ ടി കെട്ടിടത്തിന്റെ മുകളിൽ ബാബു ജോസഫ് പഞ്ചായത്തിന്റെ അനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ച ടി മുറികൾ പിന്നീട് 2015ൽ എ.പി.രാജൻ, ആര്യപ്പള്ളി എന്നവർ 13/51, 13/52 നമ്പർ കെട്ടിടം വിലക്ക് വാങ്ങി പഞ്ചായത്തിൽ ജമ മാറ്റം നടത്തി മുകൾനില കെട്ടിടത്തിന് നമ്പറിന് അപേക്ഷിച്ചു. എന്നാൽ സെറ്റ്ബാക്കുകൾ ലഭിക്കാത്തതിനാൽ അനധികൃത നിർമ്മാണം ക്രമവൽകരിക്കാൻ സർക്കാർ ഉത്തരവ് വരുമ്പോൾ ഫീസ് അടച്ച് ക്രമവൽകരിക്കാനാണ് അപേക്ഷകനെ അറിയിച്ചിട്ടുള്ളത്.

കോളയാട് പഞ്ചായത്ത് എൽഎസ്ജിഡി എഞ്ചിനീയർ അദാലത്ത് സ്ഥിര സമിതി അംഗങ്ങൾ എന്നിവർ സ്ഥല പരിശോധന നടത്തി. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 13/51, 13/52 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥൻ നിലവിൽ ആര്യപ്പള്ളി രാജൻ എന്നവരാണ്. ടി നമ്പർ കെട്ടിടത്തിന്റെ മുകൾ നിലയൽ നിർമ്മിച്ച മുറിയുടെ ചുമർ 13/52എ ജിജി, എ.ഇ എന്നവരുടെ വാസഗൃഹത്തിന്റെ ചുമരിനോട് ചേർന്നാണ് ഒറ്റ ചുമരായി നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ മുൻവശത്തുള്ള റോഡിലേക്ക് തള്ളി നിൽക്കുന്ന നിലയിലാണ് First floor ന്റെ roof slab നിർമ്മിച്ചിരിക്കുന്നത്. മറ്റൊരുവശത്ത് 13/53 എ.പി. നാണു എന്നവരുടെ കെട്ടിടത്തിന് സമീപത്തായിട്ടാണ് 13/51, 13/52 കെട്ടിടത്തിന്റെ മുകൾ നിലയിലേക്കുള്ള സ്റ്റെയർകേസ് നിർമ്മിച്ചിട്ടുള്ളത്. ആര്യപള്ളി രാജൻ, എ.പി നാണു എന്നിവരുടെ സ്ഥലത്തിന്റെ അതിർത്തി വ്യക്തമല്ലാത്തതിനാൽ 13/51, 13/52 കെട്ടിടത്തിന്റെ മുകൾ നിലയിലേക്കുള്ള കോണിപ്പടിയിൽ നിന്നുള്ള അകലം ചട്ട പ്രകാരമുള്ളതാണോ എന്ന് വ്യക്തമല്ല.

ആയതിനാൽ താങ്കളുടെ സ്ഥലത്തിന്റെ അളവുകൾ വ്യക്തമാക്കിയിട്ടുള്ള സർവ്വെ സ്കെച്ച് ഹാജരാക്കി അനധികൃത നിർമ്മാണം ക്രമവൽകരിക്കുന്നതിന് അപേക്ഷ പഞ്ചായത്തിൽ സമർപ്പിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
15/01/2024